II ശ്രദ്ധക്ഷണിക്കൽ

v. കശുവണ്ടിത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എഴുകോൺ നാരായണൻ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ കശുവണ്ടി വ്യവസായ മേഖലയിൽ രണ്ടുലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 90 ശതമാനം സ്ത്രീ തൊഴിലാളികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഈ തൊഴിലാളികൾ നിരന്തരം ചൂഷണത്തിന് വിധേയരായി കൊണ്ടിരിക്കുകയാണ്. രാവിലെ മുതൽ വൈകുന്നേരം വരെ മുതലാളിമാർ ഈ തൊഴിലാളികളെക്കൊണ്ട് അടിമകളെപ്പോലെയാണ് പണിയെടുപ്പിക്കുന്നത്. കശുവണ്ടി പരിപ്പ് തൂക്കത്തിൽ ഭീമമായ വെട്ടിപ്പാണ് മുതലാളിമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് ഈ രംഗത്ത് നിയമനിഷേധത്തിന്റെ തുടക്കം മാത്രമാണ്. കശുവണ്ടിത്തൊഴിലാളികളുടെ പി.എഫ്, ഇ.എസ്.ഐ., ക്ഷേമ നിധി തുടങ്ങിയ വീഹിതങ്ങൾ കിട്ടുന്ന കാര്യത്തിൽ ഒക്കെ വെട്ടിപ്പാണ് സ്വകാര്യ മുതലാളിമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വെട്ടിപ്പിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൂട്ടുനിൽക്കുകയാണ്. തൊഴിൽ വകുപ്പിന്റെ നിയമനിഷേധം തടയാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ എന്ത് പണി ചെയ്യുന്നുവെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. അതുപോലെ ഗ്രാറ്റുവിറ്റി നൽകുന്നകാര്യത്തിലും വൻ വെട്ടിപ്പാണ് സ്വകാര്യ മാനേജ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 1972-ലെ ഗ്രാറ്റുവിറ്റി നിയമപ്രകാരം എപ്പോഴാണോ തൊഴിലാളി സ്ഥാപനത്തിൽനിന്ന് വിരമിക്കുന്നത് ആ സമയത്ത് ആ സ്ഥാപനം നടത്തുന്ന മാനേജ്മെന്റ് വിരമിക്കുന്ന തൊഴിലാളിയുടെ മൊത്തം സർവ്വീസ് കണക്കാക്കി ഗ്രാറ്റുവിറ്റി നൽകേണ്ടതാണ്. സർവ്വീസിൽനിന്ന് വിരമിച്ച് വർഷങ്ങളായിട്ടും ഗ്രാറ്റുവിറ്റി ലഭിക്കാത്ത ആയിരക്കണക്കിന് തൊഴിലാളികൾ ഈ വ്യവസായത്തിലുണ്ട്. അവർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നിയമനിഷേധം തടയേണ്ടവരും ന്യായമായ അവകാശങ്ങൾ ബോധ്യപ്പെടുത്തേണ്ടവരുമായ തൊഴിൽവകുപ്പുദ്യോഗസ്ഥൻമാർ അവരുടെ കടമ നിറവേറ്റുന്നില്ല. ഇതിന് പരിഹാരമുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കശുവണ്ടി മേഖലയിലെ നിയമനിഷേധം അവസാനിപ്പിക്കാൻ ലേബർ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. *(അദ്ധ്യക്ഷ വേദിയിൽ മി. ഡെ: സ്പീക്കർ)*

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഓഫീസർമാർ കാലാകാലങ്ങളിൽ പരിശോധന നടത്തിവേണ്ട നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്കാഡ് ഇൻസ്പെക്ഷൻ നടത്തിയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പി.എഫ്., ഇ.എസ്.ഐ. എന്നിവ ലേബർ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർമാരെ കൂടി സ്കാഡ് പരിശോധനയിൽ ഉൾപ്പെടുത്താറുണ്ട്. കശുവണ്ടി വ്യവസായത്തിന്റെ സമഗ്രമായ പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ചചെയ്യാൻ ഇന്നലെ ഗവൺമെന്റ് ഒരു ഉന്നതതല സമ്മേളനം വിളിച്ചുകൂട്ടുകയും അതിൽ തോട്ടണ്ടി ഉൾപ്പെടെയുള്ളതിന്റെ ലഭ്യതയെക്കുറിച്ചും കശുവണ്ടിത്തൊഴിലാളികളുടെ നിയമവ്യവസ്ഥകൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുമൊക്കെ സമഗ്രമായി ചർച്ചചെയ്തു. ഞാനും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആ സമ്മേളനത്തിൽ പങ്കെടുത്തു. നേരത്തേ കശുവണ്ടി വ്യവസായത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഒരു സ്പെഷ്യൽ കമ്മിറ്റിയുണ്ട്, അവരെക്കൂടി ഇന്നലത്തെ സമ്മേളനത്തിൽ വിളിച്ചിരുന്നു. ആ കമ്മിറ്റിയുടേയും സമ്മേളനത്തിന്റെ തീരുമാവുമനുസരിച്ച് ഒരു ജില്ലാ ഓഫീസറുടെ കീഴിൽ എൻഫോഴ്സ്മെന്റ് നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഒരു കമ്മിറ്റിയെക്കൂടി ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കാരണം, എൻഫോഴ്സ്മെന്റ് വിജയപ്രദമാകണമെന്നുണ്ടെങ്കിൽ തീർച്ചയായിട്ടും തൊഴിലാളികളുടെ സഹായം വേണം. പലസ്ഥലത്തും തൊഴിലാളികളുടെ സഹായം കിട്ടുന്നില്ലെന്നാണ് ഉദ്യോഗസ്ഥൻമാരുടെ പരാതി. ആ പരാതി പരിഹരിക്കുന്നതിനാണ് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുന്നതിന് കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളും ജില്ലാ ലേബർ ഓഫീസർമാർ, ഇ.എസ്.ഐ. ഇൻസ്പെക്ടർ, പി.എഫ്. ഇൻസ്പെക്ടർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ തൂക്കത്തിന്റെ വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് അളവുകളും തൂക്കങ്ങളും ഉദ്യോഗസ്ഥൻമാരും കൂടി ചേർന്ന ഒരു കമ്മിറ്റിയെ സംഘടിപ്പിക്കുകയും ചെയ്തു. അതിന്റെ ആസ്ഥാനം കൊല്ലത്തായിരിക്കും. മാസംതോറും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റെവ്യൂ നടത്തുന്നതിനുള്ള സംവിധാനത്തെ സംബന്ധിച്ച് ഗവൺമെന്റ് ഇന്നലെ തീരുമാനമെടുത്തിട്ടുണ്ട്. അത് അടിയന്തിരമായി നടപ്പിലാക്കുന്നതായിരിക്കും.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : സർ, അങ്ങ് പറഞ്ഞു, ഈ വ്യവസായത്തിൽ നിയമനിഷേധം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുവെന്ന്. 1998-ൽ കൊല്ലത്ത് കശുവണ്ടി മേഖലയിൽ ബാധകമാക്കിയ തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് ആ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അങ്ങ് പറഞ്ഞത് ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നിയമനിഷേധം നടക്കുന്നത് കശുവണ്ടി മേഖലയിലാണെന്നാണ്. അതുകൊണ്ട് നിയമനിഷേധം ഫലപ്രദമായി തടയുന്നതിന് ഫാക്ടറികൾ പരിശോധിക്കാൻ എ.എൽ.ഒ. കൺവീനറായും ഇ.എസ്.ഐ. പി.എഫ്. ക്ഷേമനിധി ഉദ്യോഗസ്ഥൻമാരെയും അതുപോലെ തൊഴിലാളി സംഘടനാ നേതാക്കൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റാറ്റ്യൂട്ടറി പവറുള്ള ഒരു കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, അതിനല്ലേ കമ്മിറ്റിയുണ്ടാക്കാൻ ഇന്നലെ തീരുമാനിച്ചുവെന്ന് പറഞ്ഞത്. സ്റ്റാറ്റ്യൂട്ടറി പവർ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. അതൊക്കെ പരിശോധിക്കേണ്ട വിഷയമാണ്. പക്ഷേ എൻഫോഴ്സ്മെന്റ് ശക്തമാക്കാൻ ഇങ്ങനെയൊരു കമ്മിറ്റിക്ക് രൂപം കൊടുക്കാൻ ഇന്നലെ ചേർന്ന കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി തന്നെ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly